എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

* 1538. [30] ശ്രീ. കെ. കൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാടു് ജില്ലാവികസന കൗൺസിൽ ഇക്കൊല്ലം ഈ ജില്ലയിൽ എൻ. ഇ. എസ്സ്. ബ്ലോക്കുകൾ ആരംഭിക്കണമെന്നു് ഈ ഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു സ്ഥലത്തു് ബ്ലോക്കു് ആരംഭിക്കണമെന്നാണാവശ്യപ്പെട്ടിട്ടുള്ളതു് ;

(ബി) ജില്ലാ വികസന കൗൺസിലിൻറെ തീരുമാനമനുസരിച്ചുള്ള ബ്ലോക്കു് ഇക്കൊല്ലം പാലക്കാടു് ജില്ലയിൽ ആരംഭിക്കുമോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു്) :

(എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

റെയർ എർത്തു് ഫാക്ടറി.

* 1539. [33] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവായിലെ റെയർഎർത്തു് ഫാക്ടറി പൂട്ടിയിടാൻ കാരണമെന്തു് ;

(ബി) എന്നാണു് ഈ ഫാക്ടറി പൂട്ടിയതു് ;

(സി) തൻമൂലം എത്രപേർക്കു് തൊഴിൽ നഷ്ടപ്പെട്ടു ;

(ഡി) തൊഴിലാളികൾ എന്തെങ്കിലും അവകാശം ചോദിച്ചതിൻറെ പേരിലാണോ ഈ ഫാക്ടറി പൂട്ടിയതു് ;

(ഇ) എത്ര തൊഴിൽക്കുഴപ്പമായിരുന്നു അവിടെ ഉണ്ടായതു് ;

(എഫ്) ഈ ഫാക്ടറി പുനരാരംഭിക്കാൻവേണ്ടി ഈ സർക്കാർ എന്തെല്ലാം ചെയ്തു ?

ശതാശതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ to ഇ) വിവരങ്ങളൊന്നും ഗവണ്മെൻറിനറിവില്ല.

(എഫ്) ഈ ഫാക്ടറി തുറപ്പിക്കാൻ കേന്ദ്രത്തിലിടപെട്ടിട്ടുണ്ടു്.

അരിയുടെ വിലവർദ്ധനവു്.

* 1540. [34] ശ്രീ. എം. നാരായണൻ [illegible]

(ബി) ഉണ്ടെങ്കിൽ അതു് നിയന്ത്രിക്കാൻ ഗവണ്മെൻറിൻറെ പരിപാടി എന്താണു് ;

(സി) സ്റ്റോക്കു് ഡേറ്റിംഗിനെ സംബന്ധിച്ചു് ഈ ഗവണ്മെൻറിൻറെ അഭിപ്രായവും, പരിപാടിയും കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly